# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 3496** **14.10.2011 - ൽ മറുപടിക്ക്**

**കൈത്തറി നെയ്ത്ത് വ്യവസായം പരിപോഷിപ്പിക്കുന്നതിനായി നടപടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.ഹംസ . | ശ്രീ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ കൈത്തറി നെയ്ത്ത് വ്യവസായം പരിപോഷിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ ആണ് **സർക്കാർ** സ്വീകരിച്ചതെന്ന് **വിശദീകരി**ക്കാമോ; | (എ)കൈത്തറി വ്യവസായത്തെ രക്ഷിക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1)അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിന് സബ്സിഡി നൽകുന്നു.<br>2) നെയ്ത്തുകാർക്ക് വിദഗ്ധ പരിശീലനം നൽകുന്നു.<br>3) ഹാൻടെക്സ്, ഹാൻവീവ്, പ്രാഥമിക കൈത്തറി സഹകരണസംഘങ്ങൾ എന്നിവയ്ക്ക് 20% റിബേറ്റ് നൽകുന്നു.<br>4) കൈത്തറി തുണികളുടെ വിൽപ്പനയ്ക്ക് 10% മാർക്കറ്റിംഗ് ഇൻസെന്റീവ് നൽകുന്നു.<br>5) ഹാന്റക്സ്, ഹാൻവീവ് എന്നിവയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് സാമ്പത്തിക സഹായം നൽകുന്നു.<br>6)ഉൽസവകാലങ്ങലിൽ ജില്ലതോറും കൈത്തറി പ്രദർശനങ്ങൾ, വിൽപ്പന മേളകൾ എന്നിവ സംഘടിപ്പിക്കുന്നു<br>7)കയറ്റുമതി പ്രോത്സാഹിപ്പിക്കാൻ സബ്സിഡി നൽകി വരുന്നു. |

8)കൈത്തറി നെയ്ത്തുകാർക്ക് വേണ്ടി ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു.

9)എൽ.ഐ.സിയും കേന്ദ്രഗവൺമെന്റും/ സംസ്ഥാന ഗവൺമെന്റും ചേർന്ന് കൈത്തറി നെയ്ത്തുകാർക്കായി എം.ജി.ബി.ബി.വൈ എന്ന ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നു.

10)ഫാക്ടറി ടൈപ്പ് പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കുന്നതിന് സഹായം നൽകുന്നു.

11) കൈത്തറി നെയ്ത്തുകാർക്ക് കഴിനൂലും മറ്റ് അസംസ്കൃത വസ്തുക്കളും ന്യായ വിലയ്ക്ക് യഥാസമയം ലഭിക്കുന്നതിനായി ഏഴ് യാൺ ബാങ്കുകൾ പ്രവർത്തിച്ചു വരുന്നു.

12)പ്രാദേശിക ബ്രാൻഡുകളുടെ വികസനത്തിനായി നടപടികൾ സ്വീകരിച്ചു വരുന്നു.

13) കേന്ദ്ര ഗവൺമെന്റിന്റെ ക്ളസ്റ്റർ വികസന പദ്ധതിയും ഗ്രൂപ്പ് അപ്രോച്ച് പദ്ധതിയും നടപ്പിലാക്കി വരുന്നു.

14)കൈത്തറി വസ്ത്രങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രചരണം നടത്തി വരുന്നു.

.15)പ്രാഥമിക കൈത്തറി സംഘങ്ങൾക്ക് ഓഹരി പങ്കാളിത്തം നൽകുന്നു.

16)മിനിപ്രീലൂം പ്രോസസ്സിംഗ് സെന്റർ സ്ഥാപിക്കുന്നതിനു പ്രോജക്ട് കോസ്റ്റിന്റെ 60% പ്രത്യേക ഓഹരി പങ്കാളിത്തമായി പരമാവധി 3 ലക്ഷം രൂപ വരെ നൽകുന്നു.

ഫാക്ടറി ടൈപ്പ് സംഘങ്ങൾക്കും പ്രീലൂം പ്രോസസ്സിംഗിൽ ഭാഗിക യന്ത്രവത്ക്കരണത്തിന് 100%ഗ്രാന്റ് പരമാവധി 1,00,000 രൂപ നൽകുന്നു

17) കൈത്തറി നെയ്ത്തുകാരുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിന് പരിശീലനം നൽകുന്നു.

18)അംശദാന മിതവ്യയ പദ്ധതിയിലൂടെ കൈത്തറി തൊഴിലാളികൾക്ക് സമ്പാദ്യ പദ്ധതി നടപ്പിലാക്കുന്നു.

19) മൂന്ന് സഹകരണ സ്പിന്നിംഗ് മില്ലുകളിൽ കഴിനൂൽ ഉൽപാദന കേന്ദ്രം സ്ഥാപിച്ചു.

20) കൈത്തറി തൊഴിലാളികളുടെ കൊഴിഞ്ഞ് പോക്ക് തടയുന്നതിനായി ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കുന്നുണ്ട്.

(ബി) ആധുനിക സാങ്കേതിക വിദ്യയ്ക്കും, മാറുന്ന കാഴ്ചപ്പാടുകൾക്കും അനുസരിച്ച് കൈത്തറി മേഖലയെ നവീകരിക്കുന്നതിനും മറ്റുമായി എന്തെങ്കിലും പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രീലൂം പ്രോസസ്സിംഗിലെ ഭാഗിക യന്ത്രവൽക്കരണത്തിനായി (സൈസിംഗ്, വാർപ്പിംഗ്, വൈൻഡിംഗ്) കൈത്തറി സംഘങ്ങൾക്ക് 100% ഗ്രാന്റായി നൽകുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. തറികളുടെ മേൻമ മെച്ചപ്പെടുത്തുന്നതിനും,ഡൈയിംഗ്, സൈസിംഗ് ഇവയുടെ നിലവാരം ഉയർത്തുന്നതിനും വിവരസാങ്കേതികവിദ്യയുടെ പ്രയോഗം തുടങ്ങിയ കാര്യങ്ങളെ സഹായിക്കാനായും പദ്ധതി നിലവിലുണ്ട്. ഈ വർഷം ബഡ്ജറ്റ് വിഹിതമായി 50 ലക്ഷം രൂപ ഇതിനായി നീക്കി വച്ചിട്ടുണ്ട്പുതിയ ഉൽപന്നം രൂപകൽപന ചെയ്യുന്നതിനും വികസിപ്പിക്കുന്നതിനും സഹായിക്കുന്നതിനായി തൊട്ടുമുൻ വർഷത്തെ വിറ്റുവരവിന്റെ 2% ഗ്രാന്റായി സഹായം നൽകുന്ന പദ്ധതിയുമുണ്ട്.

(സി) സംസ്ഥാനത്ത് ഏതെല്ലാം മേഖല കളിലാണ് കൈത്തറി നെയ്ത്ത് വ്യവ സായം നിലവിലുള്ളത്; എത്രപേർ ഈ തൊഴിലിൽ ഏർപ്പെട്ടുവരുന്നു;

(സി) എല്ലാ ജില്ലകളിലും കൈത്തറി നെയ്ത്തു വ്യവസായം നിലവിലുണ്ട്. എന്നാൽ താഴെ പറയുന്ന ജില്ലകളിലാണ് കൂടുതലായി കൈത്തറി വ്യവസായം നടക്കുന്നത്. തിരുവനന്തപുരം ജില്ലയിൽ ബാലരാമപുരം,തൃശ്ശൂർജില്ലയിൽ കുത്താംപുള്ളി, എറണാകുളം ജില്ലയിൽ ചേന്ദമംഗലം, കോഴിക്കോട് ജില്ല, കണ്ണൂർ ജില്ല, പാലക്കാട് ജില്ല, കാസർഗോഡ് ജില്ല. മൊത്തം 75,000 പേർ ഈ മേഖലയിൽ തൊഴിൽ ചെയ്യുന്നുണ്ട്.

(ഡി) നെയ്ത്തു തൊഴിലാളികളുടെ ക്ലസ്റ്റ ർകളുടെ വികസനം സാധ്യമാക്കു ന്നതിനായി പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശ ദാംശം ലഭ്യമാക്കാമോ?

(ഡി) കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ സമഗ്ര കൈത്തറി വികസന പദ്ധതിയുടെ ഭാഗമായ ക്ലസ്റ്റർ ഡെവലപ്പമെന്റ് പ്രോഗ്രാം സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ട്. മൊത്തം 24 ക്ലസ്റ്ററുകൾ അനുവദിച്ചതിൽ 20 ക്ലസ്റ്ററുകൾ പ്രവർത്തിച്ചു വരുന്നു. ബേസ് ലൈൻ സർവ്വേയും ഡയഗണൈസ് പഠനവും നടത്തിയാണ് ഈ ക്ലസ്റ്ററുകൾ രൂപീകരി ച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ